**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 758** **24-08-2022 - ൽ മറുപടിയ്ക്ക്**

**ടീം ആഡിറ്റ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പിൽ ടീം ആഡിറ്റ് സംവിധാനം ഏതെല്ലാം ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | പത്തനംതിട്ട ജില്ലയിൽ 16.08.2022 ന് പൈലറ്റ് അടിസ്ഥാനത്തിൽ (പ്രാരംഭപദ്ധതി) ടീം ഓഡിറ്റ് ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ടീം ആഡിറ്റ് സമ്പൂർണ്ണമായി നടപ്പാക്കുക വഴി സഹകരണ ആഡിറ്റ് സംവിധാനം കൂടുതൽ കാര്യക്ഷമമാകുമെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ നേട്ടങ്ങൾ വിശദീകരിക്കാമോ; | (ബി) | ഉണ്ട്.<br><br>പൈലറ്റ് പദ്ധതിയ്ക്കാണ് ഇപ്പോൾ അനുമതി നല്കിയിട്ടുള്ളത്.വിശദമായ ചർച്ചകൾക്ക് ശേഷം സമഗ്രമായ സ്കീം തയ്യാറാക്കുന്നതാണ്. സംസ്ഥാനതലത്തിൽ നടപ്പിലാക്കിയതിനുശേഷം മാത്രമേ ഈ സംവിധാനം കൂടുതൽ കാര്യക്ഷമമാകുമെന്ന വിലയിരുത്തൽ നടത്തുവാൻ സാധിക്കുകയുള്ളൂ. |
| (സി) | ടീം ആഡിറ്റ് എല്ലാ ജില്ലകളിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്.<br><br>പത്തനംതിട്ട ജില്ലയിൽ 16.08.2022 ന് പൈലറ്റ് അടിസ്ഥാനത്തിൽ ടീം ഓഡിറ്റ് ആരംഭിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് മറ്റ് ജില്ലകളിലും ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കും. |

സെക്ഷൻ ഓഫീസർ